# പയ്യന്നൂർ ഗ്രാമസങ്കല്പം
## ചരിത്രവും സംസ്കാരവും

**ഡോ. വാസുദേവൻ വി.**
അസിസ്റ്റന്റ് പ്രൊഫസർ (ഓൺ കോൺട്രാക്റ്റ്)
മലയാളവിഭാഗം
പയ്യന്നൂർ കോളേജ്, പയ്യന്നൂർ

**പ്രബന്ധസംഗ്രഹം**

പയ്യന്നൂർ എന്ന പ്രദേശത്തെ ജനജീവിതം വികസിച്ച വന്നതിനെക്കുറിച്ച് ബ്രാഹ്മണഗ്രാമം എന്ന ആശയത്തെയും മുൻനിർത്തി വിശകലനം ചെയ്യുന്നതാണ് ഈ പ്രബന്ധം. ആവാസവ്യവസ്ഥയുടെ രൂപപ്പെടലും സമൂഹരൂപീകരണവും ക്ഷേത്രകേന്ദ്രിത സംസ്കാരവും അതിന്റെ ആഴങ്ങളിൽ നോക്കിക്കാണാൻ പ്രബന്ധം ശ്രമിക്കുന്നു. ബാഹ്മണ കുടിയേറ്റത്തിന്റെ ഒരു ശൃംഖലയിൽ പയ്യന്നൂർ എങ്ങനെ പ്രാദേശികമായി നിലവിൽ വന്നു എന്നതിന്റെ അന്വേഷണമാണ് ഇതിലേക്കെത്തിച്ചത്. പ്രദേശനിർമ്മിതി എന്നത് വിഭവവും അതിന്റെ ആർജ്ജനവും വ്യത്യസ്ത ജനവിഭാഗങ്ങളിലുണ്ടാക്കുന്ന മത്സരമായി കണ്ടുകൊണ്ട്, സംസ്കാരപഠനമേഖലയിൽ ഊന്നി വിലയിരുത്തുന്ന സമീപനമാണ് പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്. നിസാർ അഹമ്മദിന്റെ മനഃസ്ഥിതി എന്ന സങ്കല്പനം വിശകലനത്തിന് ഉപയോഗിച്ചിട്ടുണ്ട്.

**സൂത്രവാക്കുകൾ**

പ്രദേശം, ഗ്രാമം, വിഭവം, സംരംഭം, മനഃസ്ഥിതി, തൻമ, ഉപാർപ്പണം

**ആമുഖം**

കേരളത്തിലും തുളുനാട്ടിലുമായി നിലവിൽ വന്ന അറുപത്തിനാല് ബ്രാഹ്മണഗ്രാമങ്ങളിൽ ഒന്നാണ് പയ്യന്നൂർ. ഗ്രാമസങ്കല്പത്തിന്റെ ശൃംഖലയിൽ പെടുന്നു എന്നത് ഒരു അടയാളമാണ്. ആവാസവ്യവസ്ഥയും വ്യവസ്ഥയും രൂപപ്പെട്ടു വന്നത് ഈ

സങ്കല്പത്തെ ചുറ്റിപ്പറ്റിയാണ്. ഗ്രാമസങ്കല്പവുമായുള്ള ഒട്ടൽ സ്വാം ശീകരിച്ചുകൊണ്ടാണ് പയ്യന്നൂർ എന്ന പ്രദേശം പല നിലയ്ക്കും പരിണമിച്ചത്. പയ്യന്നൂർ ഗ്രാമസങ്കല്പത്തിൽ ഊന്നി സമൂഹനിർമ്മിതിയെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്. അതിന് വേണ്ടി ഗ്രാമക്ഷേത്രത്തെ ഒരു വിഭവമായിട്ട് എടുത്തിരിക്കുന്നു. സ്വാഭാവികമായ ഒന്നല്ല ഗ്രാമനിർമ്മിതിയെന്നും അത് ബ്രാഹ്മണപക്ഷം ഇതര വിഭാഗങ്ങളെ വിഭവാർജ്ജനത്തിന് ക്ഷണിച്ചുകൊണ്ടുള്ള ഒരു നിർമ്മിതിയാണ് എന്നുമാണ് ഈ പ്രബന്ധത്തിലെ പ്രധാന വാദം.

**ആവാസവ്യവസ്ഥയുടെ രൂപീകരണം**

കേശവൻ വെളുത്താട്ട് കേരളത്തിലെ ബ്രാഹ്മണകുടിയേറ്റത്തെ 'ബ്രാഹ്മിൻ സെറ്റിൽമെന്റ് ഇൻ കേരള' എന്ന പുസ്തകത്തിൽ വിശകലനം ചെയ്തിട്ടുണ്ട്. കേരളത്തിൽ കുടിയേറ്റം സ്ഥാപിക്കുന്നതിന് തൊട്ടുമുമ്പുതന്നെ ബ്രാഹ്മണർ കർണാടക പ്രദേശത്ത് കുടിയേറിയിരുന്നു. ഒരർത്ഥത്തിൽ കൊങ്കൺതീരത്തെയും സൗരാഷ്ട്രതീരത്തെയും തുടർച്ചയായിരുന്നു സമാനമായ ഈ കുടിയേറ്റങ്ങൾ. ഇവരെല്ലാവരും പ്രചരിപ്പിച്ചിരുന്ന വിശ്വാസം അവരുടെ ഭൂമി സൃഷ്ടിക്കുകയും ദാനം ചെയ്യുകയും ചെയ്തത് പരശുരാമനാണെന്നാണ്. പരശുരാമകഥയുടെ ഉല്പത്തി ഗുജറാത്തിലെ സുർപാരക എന്ന് വിളിക്കുന്ന പെനിൻസുലയിലാണ്. കുടിയേറ്റക്കാരോടൊപ്പം ഈ ഐതിഹ്യവും പ്രചരിച്ചു. മറ്റൊരു തരത്തിൽ പറഞ്ഞാൽ പരശുരാമകഥയുമായി പടിഞ്ഞാറൻ തീരങ്ങളിലൂടെ കുടിയേറിയവരുടെ നീണ്ട ശൃംഖലയിലെ അവസാനത്തെതാണ് കേരളത്തിലെ ബ്രാഹ്മണ കുടിയേറ്റം (കേശവൻ വെളുത്താട്ട്, 1978: 22).

"പയ്യന്നൂരെന്ന് അറിയപ്പെടുന്ന പ്രദേശത്ത് ഒരു ജനതയുടെ സ്ഥിരവാസം ആരംഭിക്കുന്നത് 7-8 നൂറ്റാണ്ടുകളിലാണ്. അതുവരെ പരിസരപ്രദേശങ്ങളിലെ ഇടനാടൻ ചെങ്കൽകുന്നുകളിൽ മാത്രമായിരുന്നു ജനങ്ങൾ അധിവസിച്ചിരുന്നത്. ബ്രാഹ്മണാഗമനത്തോടെയാണ് പയ്യന്നൂരിന്റെ ഭൂഘടനയിലും സാമൂഹ്യഘടനയിലും മാറ്റങ്ങൾ ഉണ്ടായത്. അതുവരെ വെള്ളം കെട്ടിക്കിടക്കുന്ന ചതുപ്പ് ആയിരുന്നു ഈ പ്രദേശം. പെരു

മ്പപുഴയ്ക്കും ഒളവറപുഴയ്ക്കും ഇടയിൽ കിടക്കുന്ന പയ്യന്നൂരിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ വലിയ നെൽവയലുകളായിരുന്നു. ബ്രാഹ്മണകുടിയേറ്റമാണ് ചതുപ്പിനെ ഈ നെൽവയലുകളാക്കി രൂപപ്പെടുത്തിയത്. നാല് മനുഷ്യനിർമ്മിത തോടുകളാണ് ഇതിന്റെ തെളിവ്. ഒന്ന് പയ്യന്നൂരമ്പലത്തിന് തെക്ക് മാറി പടോളിയിൽ നിന്നു തുടങ്ങി കുറുങ്കടവ് വരെ നീളുന്നത്. രണ്ടാമത്തേത് ക്ഷേത്രത്തിന്റെ വടക്ക് - പടിഞ്ഞാറ് ഭാഗത്തുനിന്നും തുടങ്ങി നേരെ ഒളവറപുഴയിലേക്ക്. മൂന്നാമത്തേത് ക്ഷേത്രത്തിന് കിഴക്കുഭാഗത്ത് വലിയ നീളത്തിൽ അന്നൂരമ്പലത്തിന് കിഴക്കുനിന്നും തുടങ്ങി കൊക്കാനിശ്ശേരിയിലൂടെ കടന്നുപോയി പെരുമ്പപുഴയിൽ അവസാനിക്കുന്നത്. നാലാമത്തേത് കാരയിൽ നിന്നും തട്ടാർകടവിലേക്ക് വെള്ളം വാർത്തുകളയുന്നത് " (ദിനേശൻ, വി, 2003: 9). ആവാസവ്യവസ്ഥയുടെ രൂപീകരണത്തെ സംബന്ധിച്ച ഈ ചിത്രം ഭൂമിശാസ്ത്രപരമായ ഒരു നിർമ്മിതിയെ കാണിച്ചുതരുന്നുണ്ട്. പരശുരാമകഥയിൽ സൂചിപ്പിക്കുന്ന രീതിയിൽ കരയെ വെള്ളത്തിൽ നിന്ന് ഉണ്ടാക്കിയതല്ലെങ്കിലും ചതുപ്പുനിലത്തെ വെള്ളം വാർത്തു കളഞ്ഞ് ഒരു ആവാസവ്യവസ്ഥ സൃഷ്ടിച്ചെടുത്ത ബ്രാഹ്മണ സെറ്റിൽമെന്റ് തന്നെയാണ് ഇവിടെയും അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രത്തെ എഴുതുമ്പോഴും പരശുരാമൻ സൃഷ്ടിച്ച ബ്രാഹ്മണഗ്രാമം എന്ന സങ്കല്പവുമായി സംഘർഷപ്പെടേണ്ടി വരുന്നു എന്നതാണ് ഈ ആശയത്തെ സവിശേഷമാക്കുന്നത്. പ്രാദേശികതയുടെ നിർണയനങ്ങൾ ഇത്തരത്തിൽ സാംസ്കാരികമായ വൈവിധ്യങ്ങളെ ഉള്ളടക്കുന്നുണ്ട്. മിത്തിഫൈസ് ചെയ്ത ബ്രാഹ്മണഗ്രാമസങ്കല്പത്തിന്റെ ആകെത്തുകയുമായി ചരിത്രപരമായും അല്ലാതെയും വേറെയും പല നിലകളിലും ബന്ധപ്പെട്ടുകിടക്കുന്നുണ്ട് പയ്യന്നൂർ ഗ്രാമം. പരശുരാമനുമായി, അദ്ദേഹത്തിന്റെ മാതൃഹത്യാപാപവുമായി ചേർത്ത്, എല്ലാ ഗ്രാമക്കാരോടും മരുമക്കത്തായം പിന്തുടരാൻ പരശുരാമൻ അഭ്യർത്ഥിച്ചതായും പയ്യന്നൂർ ഗ്രാമക്കാർ മാത്രം അത് സ്വീകരിച്ചതായുമുള്ള ഐതിഹ്യം പറയാൻ കഴിയും. (കേശവൻ വെളുത്താട്ട്, 1978: 22). 2011 മെയ് 11 ന് ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ കാർമികത്വത്തിൽ പയ്യന്നൂർ ഗ്രാമക്കാർ മരുമക്കത്തായം എന്ന ദായക്രമം മാറ്റി മക്കത്തായ

ത്തിലേക്ക് പ്രവേശിച്ചത് വരെ മാത്രമാണ് ഈ ഐതിഹ്യവും നിലനിൽക്കുന്നത്. പയ്യന്നൂർ ഗ്രാമക്കാരായ ബ്രാഹ്മണരുടെ ക്ഷത്രിയ പദവി, ഗ്രാമക്ഷേത്രത്തിലെ ദേവനായ സുബ്രഹ്മണ്യന്റെ പെരുമാൾ പദവി എന്നിവ കൃത്യമായ അധികാര ആസൂത്രണങ്ങളോടെയുള്ള ഒരു ഗ്രാമനിർമ്മിതിയെ കാണിച്ചു തരുന്നു.

**"എന്റെ പയ്യന്നൂർഗ്രാമേ"– ആരുടെ?**

ഈ സംബോധന തെയ്യങ്ങളുടേതാണ്. കോലധാരികളായി എത്തുന്ന വണ്ണാൻ, മലയ സമുദായക്കാരുടെ വാചാലിലുള്ളതാണ്. ബ്രാഹ്മണാഗമനത്തോടും പാരമ്പര്യത്തോടുമൊപ്പം ബ്രാഹ്മണേതരമായ പാരമ്പര്യവും പയ്യന്നൂരിനുണ്ട്. ഗ്രാമസങ്കല്പത്തോട് ചേർന്നുനിന്നും ചിലപ്പോഴെങ്കിലും സ്വതന്ത്രമായും സമൂഹരൂപീകരണപ്രക്രിയയെ ത്വരിതപ്പെടുത്തുകയും ജാതിമതപാരമ്പര്യത്തെ വിപുലമാക്കുകയും ചെയ്തത് അബ്രാഹ്മണ വിഭാഗങ്ങളായിരുന്നു.

"ബ്രാഹ്മണ, പൊതുവാൾ, മണിയാണി, തീയ്യർ, പുലയ ജാതികൾ ബ്രാഹ്മണ കുടിയേറ്റത്തോടുകൂടിയാണ് പയ്യന്നൂരിൽ ഉറയ്ക്കുന്നത് എന്നതിന് ഗ്രാമത്തിന്റെ ഘടന തന്നെ തെളിവാണ്. ഇവിടെ പുതിയ അതിജീവനത്തിന്റെ മാർഗമുണ്ടാക്കിയെടുത്ത അറിവിന്റെ ഉടമകൾ എന്ന നിലയിൽ അവർ നിർമ്മിച്ച ക്ഷേത്രവും ഗ്രാമത്തിന്റെ കേന്ദ്രസ്ഥാനത്തുവരുന്നു. ഗ്രാമത്തിന്റെ മധ്യത്തിൽ പെരുമാൾ ക്ഷേത്രം, പിന്നെ നാലുഭാഗത്തേക്കും നോക്കെത്താദൂരത്തേക്ക് പരന്നുകിടക്കുന്ന വയലുകളും. വയലുകൾക്കപ്പുറത്ത് പുലയരുടെയും വയലുകൾക്കിടയിലെ കരഭൂമിയിൽ വാണിയനും മണിയാണിയും തീയ്യനും ചാലിയനും അടങ്ങുന്ന മറ്റു വിഭാഗങ്ങളുടെയും കുടികൾ. വയലുകൾക്കിടയിൽ കഴിയുന്ന വിഭാഗങ്ങളുടെ കുടികളുടെ കിടപ്പും (അതല്ലെങ്കിൽ അവർ കേന്ദ്രമാകുന്ന അനുഷ്ഠാന ഇടങ്ങൾ) ഒരു പ്രത്യേക ശ്രേണീബന്ധത്തിലായിരുന്നു. മധ്യത്തിൽ കിടക്കുന്ന ബ്രാഹ്മണക്ഷേത്രത്തിനും വയലുകൾക്കപ്പുറത്തുകിടക്കുന്ന പുലയ ചാളകൾക്കുമിടയിൽ ഓരോരുത്തരും ഏർപ്പെട്ടിരിക്കുന്ന തൊഴിലിന്റെയും അതിന്റെ വിശുദ്ധിയുടെയും അടിസ്ഥാനത്തിലാണ് ഇത് ക്രമീകരിക്കപ്പെട്ടിരിക്കുന്നതെന്നും കാണാം. കൃഷിഭൂമിയിലെ

കാരാളരായ പൊതുവാക്കൻമാർ ക്ഷേത്രത്തിനോട് തൊട്ടടുത്തും ക്ഷേത്രത്തിലേക്ക് എണ്ണ എത്തിക്കുന്ന വാണിയൻ പിന്നീടും കന്നുകാലികളെ മേച്ചുനടക്കുന്ന മണിയാണി തുടർന്നും ഉടയാടകൾ നെയ്യുന്ന ചാലിയൻ അതിനുശേഷവും കൃഷിപ്പണിയിൽ മുഴുകിയിരിക്കുന്ന തീയ്യൻ തുടർന്നും വരുന്ന ഒരു ശൃംഖല. ഈ ക്രമം മധ്യകാലമലയാളത്തിലുണ്ടായിരുന്ന സാമൂഹ്യശ്രേണിയുടെ (ജാതിശ്രേണിയുടെ) മേൽകീഴായ്മ ഗ്രാമത്തിന്റെ ഇടത്തിൽ അടയാളപ്പെടുത്തിയതാണ്. ഗ്രാമവും ഗ്രാമം തീർത്ത ബ്രാഹ്മണകേന്ദ്രിതമായ ക്ഷേത്രവും അവർ അവതരിപ്പിച്ച കൃഷിരീതിയും തീർത്ത സാമൂഹ്യശ്രേണീബന്ധം അങ്ങനെ ഗ്രാമത്തിന്റെ തന്നെ നിർമ്മിതിയുടെ നിദാനമായി മാറുന്നതു കാണാം. ഓരോ സമുദായക്കാരുടെയും ആരാധനാലയങ്ങളുടെ വിന്യാസം ശ്രദ്ധിച്ചാൽ ഈ ശ്രേണീബന്ധം കുറച്ചുകൂടി വ്യക്തമാകും. അതായത് ഗ്രാമത്തിന്റെ ഉടയവനായ ബ്രാഹ്മണ പെരുമാൾക്ഷേത്രത്തിൽ നിന്നും അബ്രാഹ്മണ കാവുകളും പള്ളിയറകളും അകന്നുനിൽക്കുന്നതിന്റെ ക്രമം. പൊതുവാക്കൻമാരുടെ ആരാധനാമൂർത്തിയായ കന്യാഭഗവതി പെരുമാൾക്ഷേത്രമതിലിനകത്ത് നാലമ്പലത്തിന് തൊട്ടു മുന്നിലായി കാണാം. പെരുമാൾക്ഷേത്രത്തിൽ നിന്നും ഏതാണ്ട് ഇരുന്നൂറു മീറ്റർ തെക്ക് - പടിഞ്ഞാറ് മാറി വാണിയ മുച്ചിലോട്ടും അവിടെ നിന്നും ഏതാണ്ട് നൂറ് മീറ്റർ മാറി ചാലിയതെരുവും (അഷ്ടമച്ചാൽ ഭഗവതിക്കാവും) അവിടെ നിന്നും ഏതാണ്ട് നൂറ് മീറ്റർ തെക്ക് - പടിഞ്ഞാറ് മാറി തീയ്യരുടെ (മമ്പലം) പള്ളിയറയും കാണാം. അതിനുമപ്പുറത്താണ് (വയലുകൾക്കുമപ്പുറത്ത്) പുലയർ താത്കാലികമായി കെട്ടിയുണ്ടാക്കുന്ന കോട്ടങ്ങൾ എന്ന ആരാധനാ കേന്ദ്രങ്ങൾ. ഇതേ ശ്രേണീബന്ധം തന്നെ ക്ഷേത്രത്തിന്റെ തെക്ക് -കിഴക്ക് ഭാഗത്തേക്ക് നോക്കിയാലും പടിഞ്ഞാറോട്ട് നോക്കിയാലും കാണാം. അങ്ങനെ ശുദ്ധാശുദ്ധി മൂല്യത്തിൽ അധിഷ്ഠിതമായ മധ്യകാല മലയാളത്തിലെ ജാതിക്രമം ഗ്രാമത്തിന്റെ നിർമ്മിതിയുടെ ഭാഗമായി മാറുന്നതും അതിനനുസരിച്ച് നിർമ്മിക്കപ്പെട്ട ഒരു ജീവിതവും പയ്യന്നൂർ ഗ്രാമത്തിൽ കാണാം. മാറ്റിത്തീർക്കപ്പെട്ട ഇടത്തിന്റെ പ്രകൃതം സാമൂഹ്യജീവിതത്തിലും പുതുതായി നിർമ്മിച്ചെടുത്ത സാമൂഹ്യജീവിതം ഇടത്തിന്റെ പ്രകൃതത്തിലും പര

സ്വരം സന്നിവേശിപ്പിച്ചിരിക്കുന്നുവെന്ന് പറയാം" (ദിനേശൻ, വി, 2003: 10). വിഭവങ്ങളിലെ പ്രാഥമിക അവകാശം ബ്രാഹ്മണരിൽ ആയിരുന്നതുകൊണ്ട് ബ്രാഹ്മണപക്ഷം ഇതര വിഭാഗങ്ങളെ വിഭവാർജ്ജനത്തിന് ക്ഷണിച്ചുകൊണ്ടുള്ള പയ്യന്നൂർ ആയിരുന്നു ആദ്യകാല പയ്യന്നൂർ. പിൽക്കാല ബ്രാഹ്മണ കുടിയേറ്റവും (സാഗരം, സമുദ്രം എന്നീ സെറ്റിൽമെൻ്റുകൾ) ബ്രാഹ്മണേതര പാരമ്പര്യങ്ങളും മാറ്റിത്തീർത്തതാണ് പയ്യന്നൂരിലെ പിന്നീടുള്ള സാമൂഹ്യജീവിതം. പയ്യന്നൂർ പെരുമാൾ ദേവസ്വവും ബ്രഹ്മസ്വവുമായി പയ്യന്നൂർ ഒതുങ്ങിയില്ല, സാമന്തൻമാർക്ക് ജൻമാവകാശമുള്ള നിലം- പുരയിടം ഭൂമിയും പയ്യന്നൂരിന്റെ പല ഭാഗങ്ങളിലായി കിടന്നു. ടിപ്പുവിന്റെ നികുതിപരിഷ്ക്കാരവും ദേശീയസ്വാതന്ത്ര്യസമരവും ആണ് ആധുനിക പയ്യന്നൂരിനെ സൃഷ്ടിച്ചത്.

**ബ്രാഹ്മണകുടിയേറ്റത്തെക്കുറിച്ച് എം. ജി. എസ്.**

എട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളത്തിലേക്ക് കടന്നുവന്ന നമ്പൂതിരിമാരുടെ കുടിയേറ്റത്തിന്റെ സ്വഭാവം വ്യക്തമല്ല. ഭൂമിദാനങ്ങളുടെ ചരിത്രത്തിൽ ഇത്തരം ദാനങ്ങളൊന്നും അന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രാമക്ഷേത്രങ്ങളായി ഇന്നറിയപ്പെടുന്ന നമ്പൂതിരിസ്വജനങ്ങൾ (Namboothiri Settlement) സംഘമായി കാട്ടു വെട്ടിത്തെളിച്ച് കുടിയേറിയതായി കണക്കാക്കേണ്ടിയിരിക്കുന്നു. ചാലൂക്യ-കദംബ രാജാക്കൻമാർ ചില ഭൂമിദാനങ്ങൾ ഇവർക്ക് നടത്തി നമ്പൂതിരി സമുദായത്തെ പരിപോഷിപ്പിച്ചതായി രേഖകളുണ്ട്. വിന്ധ്യപർവതത്തിനിപ്പുറം ചാലൂക്യ- കദംബ രാജ്യത്തിന്റെ ഭൂമിദാനങ്ങളിൽ ചിലത് നമ്പൂതിരി സമൂഹങ്ങൾക്കായി കാണുന്നു. മംഗലാപുരം ചാലൂക്യ രാജാവിന്റെ കീഴിലായിരുന്നു. തമിഴ്നാട്ടിൽ വരെ ശൈവ-വൈഷ്ണവ വ്യത്യാസത്തോടെ നിലനിന്ന ബ്രാഹ്മണർ കേരളത്തിൽ അത്തരം വ്യത്യാസങ്ങൾ നിലനിർത്തിക്കൊണ്ടല്ല ജീവിച്ചുപോന്നത്. ഈ ഗ്രാമങ്ങളിൽ വളർന്നുവികസിച്ച കേരള ബ്രാഹ്മണസമൂഹം നമ്പൂതിരി എന്ന പേരുപോലും പിന്നീടാണ് സ്വീകരിച്ചത്. ഗ്രാമക്ഷേത്രങ്ങളും ഇല്ലപ്പേരുകളും അതിനോടു ചേർന്ന ദേവസ്വം - ബ്രഹ്മസ്വം ഭൂമിയും മാത്രമായിരുന്നു പ്രധാനം. തറ മാത്രം കരിങ്കല്ലുകൊണ്ട് നിർമ്മിക്കുകയും തദ്ദേശീയമായ

ചെങ്കല്ലുകൊണ്ട് മുകളിലേക്ക് പടുത്തുയർത്തുകയും ചെയ്ത ക്ഷേത്രങ്ങൾ ഈ സമുദായശ്രേണിയുടെ സാംസ്കാരിക അടയാളമായി കാണാം. തമിഴ്നാട്ടിലെ ക്ഷേത്രങ്ങളിൽ നിന്നും ഈ ക്ഷേത്രങ്ങളെ വ്യത്യസ്തമാക്കുന്നതും നിർമ്മാണത്തിലെ ഈ പ്രാദേശിക പ്രത്യേകതകൾ തന്നെ.

പത്താം നൂറ്റാണ്ടായപ്പോഴേക്കും മുപ്പത്തി രണ്ട് ഗ്രാമങ്ങളായി വിന്യസിച്ചതും ഒരു സാംസ്കാരികപ്രസ്ഥാനമായി വളരാൻ തുടങ്ങിയതുമായ കേരളബ്രാഹ്മണസ്വജനം ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലുള്ള ബ്രാഹ്മണ സമൂഹങ്ങളെപ്പോലെ ഗോത്രങ്ങൾ പേരിനൊപ്പം ചേർക്കാതെ ഇല്ലപ്പേരുകൾക്കും ഗ്രാമക്ഷേത്രപേരുകൾക്കും പ്രാധാന്യം നൽകിക്കൊണ്ട് അറിയപ്പെട്ടു.

കേരളത്തിന്റെ വടക്ക് തളിപ്പറമ്പ്, പയ്യന്നൂർ എന്നിവിടങ്ങളിൽ കുടിയേറ്റം നടത്തി ജീവിതസംസ്കാരം കരുപ്പിടിപ്പിച്ച നമ്പൂതിരി സമൂഹത്തിൽ നിന്നും 180-200 കിലോമീറ്റർ അകലെ തെക്കുമാറി നിളാതീരത്താണ് അടുത്ത സമൂഹം നിലവിൽ വന്നത്. ഇതിനിടയിൽ മറ്റ് നമ്പൂതിരിസ്വജനസമൂഹങ്ങൾ നിലവിലുണ്ടായിരുന്നില്ല. നെൽകൃഷി ചെയ്യുവാനുള്ള സൗകര്യങ്ങൾ ഉള്ളതുകൊണ്ടാവാം നിളാനദിക്കരയിലും (ശുകപുരം, പന്നിയൂർ) പെരിയാർ തീരത്തും പമ്പാതീരത്തും താമസിച്ചുവന്നത്. തിരുവല്ലയ്ക്കപ്പുറം നമ്പൂതിരി സമുദായം ആദ്യകാലത്ത് കുടിയേറിയതിന് ചരിത്രരേഖകളില്ല.

കേരളത്തിൽ 32 ഗ്രാമങ്ങളിലായി ജീവിച്ചുപോന്ന നമ്പൂതിരിമാർ തങ്ങളുടെ ഗ്രാമക്ഷേത്രങ്ങൾക്കു ചുറ്റും ഒതുങ്ങി ജീവിച്ച സമൂഹമായിരുന്നു. ദേവസ്വവും ബ്രഹ്മസ്വവുമായി സ്വത്തുക്കൾ ഭാഗിച്ച് അനുഭവിക്കുകയും ക്ഷേത്രഭരണത്തിനായി ഇല്ലങ്ങൾ അടങ്ങുന്ന സംഘങ്ങൾ (Council of Trustees) രൂപീകരിക്കുകയും ചെയ്തിരുന്നു. ക്ഷേത്രങ്ങളും ദേവസ്വവും സംരക്ഷിക്കാൻ പ്രത്യേക നിധികൾ സമാഹരിച്ച് ഇവർ ക്ഷേത്രസ്വത്തുക്കൾ സംരക്ഷിച്ചുപോന്നു. ഈ ക്ഷേത്രസ്വജനങ്ങൾ ഊരുകൾ, സഭകൾ, പരിഷത്തുകൾ എന്നിങ്ങനെ അറിയപ്പെട്ടു. ക്ഷേത്ര കൗൺസിലുകൾ ഭരിച്ചിരുന്നവരെ പൊതുവാൾ എന്ന് പറയുന്നു. കൗൺസിൽ തീരുമാനങ്ങൾ ശിലാലിഖിതങ്ങളായും ചെപ്പേടുകളിലെ ലിഖിതമായും കൽച്ചുമരുകളിലെ ചുമരെഴുത്തുകളായും പ്രസിദ്ധീകരി

ക്കപ്പെട്ടിരുന്നു. രാജാവിനെ പെരുമാൾ എന്നും രാജാവിന്റെ പ്രതിനിധികളെ കോവിലധികാരികളെന്നും നാട്ടുടയവരെ (ജില്ലാ ഗവർണർ) പട്ടയനായർ (Patai Nair - ആർമി കമാന്റർ) എന്നും കണക്കാക്കുന്ന രീതിയിൽ ചില സ്ഥാനങ്ങൾ നിലനിന്നിരുന്നതായും ബ്രാഹ്മിൻ സെറ്റിൽമെന്റിനെക്കുറിച്ചുള്ള ചരിത്രരേഖകളിൽ കാണുന്നു (നാരായണൻ എം ജി എസ് / അഭിമുഖം ഉണ്ണി ഇ ആർ, 2012: 130 -132).

**ഗ്രാമക്ഷേത്രം -ഒരു സംരംഭം**

പതിനാറ് മനക്കാരായിരുന്നു പയ്യന്നൂർ ഗ്രാമക്കാർ. കുഞ്ഞിമംഗലത്ത്, തളിയിൽ, കുന്നത്ത്, എടനാട്, താഴക്കാട്ട്, കുറുവേലി, കുരുത്തിലക്കാട്ട്, കൊക്കുന്നത്ത്, കൊട്ടാരത്ത് കൊഴുവേല, കാതുക്കാൽ, താറ്റി ഏരി, നാറക്കുന്നത്ത്, നൃണിക്കര, താവത്ത്, രയരമംഗലത്ത്, തെവലക്കാട്ട് എന്നിവയാണ് ഈ മനകൾ. പയ്യന്നൂർ സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിന്റെ ഊരാളർ എന്ന പദവിയാണ് ഈ മനകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഘടകം.

ഊരാളരും കാരാളരും മറ്റു ജാതിവിഭാഗങ്ങളുമെല്ലാം ക്ഷേത്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോഴും ഇവരുടെ സംരംഭങ്ങൾ ഒരുപോലെ അല്ല. കൃഷി, സമ്പത്ത് ഉൾപ്പെടെയുള്ള വിഭവങ്ങളുടെ കേന്ദ്രമാണ് ക്ഷേത്രം. വിഭവങ്ങളെ സംബന്ധിച്ച് ഓരോ വിഭാഗവും യുക്തിപൂർണമായാണ് തീരുമാനമെടുക്കുന്നത്. ക്ഷേത്രം ഒരു വിഭവമാണ്. ക്ഷേത്രം എന്ന വിഭവവുമായി ബന്ധപ്പെട്ടതാണ് ഓരോരുത്തരുടെയും അതിജീവനം എന്ന യുക്തി. അത് സാംസ്കാരികം ആണ്. ഇങ്ങനെ വരുമ്പോൾ സാംസ്കാരികമായ ഒരു പ്രയോഗത്തെ, സ്ഥാപനത്തെ ഇവർ അംഗീകരിക്കുകയാണ്. യുക്തിപരമായി ഒരു കാരാളൻ ആണ് എന്ന് കരുതുമ്പോൾ ക്ഷേത്രം എന്ന വിഭവത്തെ മുൻഗണനാക്രമത്തിൽ ആദ്യം പ്രതിഷ്ഠിച്ചിരിക്കും. ക്ഷേത്രവുമായി ബന്ധപ്പെടുന്നതിലൂടെ വ്യത്യസ്ത ജാതിവിഭാഗങ്ങൾക്ക് ലഭ്യമാകുന്നത് വ്യത്യസ്ത നേട്ടങ്ങളാണ്. ഊരാളരുടെയും കാരാളരുടെയും സംരംഭം പോലെയല്ല മാരാരുടെയും മണിയാണിമാരുടെയും വാണിയരുടെയും സംരംഭം. “യുക്തിപരമായ പരിഗണനകളേക്കാളുപരി മനഃസ്ഥിതി പ്രധാനമായി വരുന്നത് ഇവിടെയാണ്. അതായത് സാമൂഹി

കമായ നിലനിൽപിന്റെ ഒരു പ്രധാന സവിശേഷത മനുഷ്യർ തമ്മിൽ തമ്മിൽ വിനിമയം ചെയ്യുന്ന എന്തും അന്യോന്യബന്ധങ്ങളടക്കം ചിഹ്നവ്യവസ്ഥയിലേക്ക് മാറ്റപ്പെടുന്നുവെന്നതാണ്" (നിസാർ അഹമ്മദ്, 2012: 78). പുലയ, മുസ്ലിം വിഭാഗം ഉൾപ്പെടെയുള്ളവർ ഈ സംരംഭത്തിലേക്ക് അനുനേയപ്പെടുമ്പോൾ (ഉദാ: നിറനാളിൽ കതിര് വെക്കാനുള്ള അവകാശം, പുത്തരിക്ക് പഞ്ചസാരക്കലം എത്തിക്കാനുള്ള അവകാശം) വിഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല അങ്ങനെ ചെയ്യുന്നത്, മനഃസ്ഥിതി പരം കൂടിയാണത്. ക്ഷേത്രത്തിനകത്തെ ആചാരപരമായ സംഗതികളെയെല്ലാം ഈ രീതിയിൽ വായിക്കാൻ കഴിയും. വിഭവം എന്ന് തിരിച്ചറിയപ്പെടുന്നത് പോലും ഭൗതികമായി വിവരിക്കപ്പെടാവുന്നതല്ല എന്നത് ഇവിടെ പ്രധാനമാവുന്നു.

**വിഭവം തിരിച്ചറിയലും ഗ്രാമനിർമ്മിതിയും**

"മനുഷ്യസത്വങ്ങൾ സംരംഭങ്ങൾ ഏകോപിപ്പിക്കുന്നത് വിഭവങ്ങളെ ആസ്പദമാക്കിയാണെങ്കിൽ - ഇവിടെ ക്ഷേത്രം എന്ന വിഭവം - ആ വിഭവങ്ങൾ തിരിച്ചറിയുന്നത് എങ്ങനെയാണ്? വിഭവം എന്ന് എങ്ങനെയാണ് തിരിച്ചറിയുന്നത്? വിഭവം തിരിച്ചറിയുക മാത്രമല്ല, തിരിച്ചറിഞ്ഞാൽ അത് ആർജ്ജിക്കാനായി, അല്ലെങ്കിൽ അതിന്റെ വിനിമയത്തിന് വേണ്ടിവരുന്ന ബന്ധങ്ങളിൽ എങ്ങനെയാണ് പ്രവേശിക്കുന്നത്, എങ്ങനെയാണവയെ കാണുന്നത്? അതിലുൾപ്പെട്ട ചട്ടങ്ങൾ എന്താണ്? ആ ചട്ടങ്ങൾ എവിടെനിന്നാണ് വരുന്നത്? അത് എങ്ങനെയാണ് നിർമ്മിക്കപ്പെടുന്നത്? ഇന്നതാണ് എനിക്ക് വേണ്ടത് എന്ന് എങ്ങനെയാണ് നിർണയിക്കപ്പെടുന്നത്? എങ്ങനെയാണ് അത് നമ്മൾ തിരിച്ചറിയുന്നത്? മനഃസ്ഥിതിയുടെ അഭാവത്തിൽ ഒരു വിഭവവും ഈ വിഭവങ്ങളുടെ ആർജ്ജനത്തിലും വിനിമയത്തിലും ഉൾപ്പെട്ട ഒരു ബന്ധവും മനുഷ്യസത്വങ്ങളുടെ ജീവിതത്തിൽ വ്യവസ്ഥപ്പെടുകയോ പ്രസക്തമാവുകയോ ചെയ്യുന്നില്ല. അതുകൊണ്ട്, അടിത്തട്ടിൽ അദൃശ്യമായി ചില സംരംഭങ്ങൾ നടക്കുന്നുണ്ട്. അതെന്താണെന്ന് വെച്ചാൽ മനഃസ്ഥിതിയെ ഉത്പാദിപ്പിക്കുകയും പുനരുത്പാദിപ്പിക്കുകയും ഉപഭോഗിക്കുകയും (ആർജ്ജിക്കുകയും) ചെയ്യൽ. ഇത് പ്രതികർത്താക്കൾ

ഇല്ലാതെ സംഭവിക്കുന്ന ഒന്നായി മനസ്സിലാക്കരുത്"(നിസാർ അഹമ്മദ്, 2008: 78). ബ്രാഹ്മണ, പൊതുവാൾ, മണിയാണി, തീയ്യർ, പുലയ ജാതികൾ ബ്രാഹ്മണകുടിയേറ്റത്തോടുകൂടിയാണ് പയ്യന്നൂരിൽ ഉറയ്ക്കുന്നത്. പയ്യന്നൂർ പട്ടോലയിൽ ഓരോ വിഭാഗത്തിനും ഓരോ അവകാശങ്ങൾ കൽപിച്ചുകൊടുത്തിട്ടുണ്ട്. ബ്രാഹ്മണരോടൊപ്പം സഹായികളായി മറ്റു പല വിഭാഗങ്ങളും പല പ്രദേശങ്ങളിൽനിന്നായി കുടിയേറ്റസംഘത്തോടൊപ്പം ചേരുന്നുണ്ട്. വിഭവം ആർജ്ജിക്കാനായി വേണ്ടുന്ന ബന്ധങ്ങളിൽ പ്രവേശിക്കുന്നതിന്റെ ആദ്യപടിയാണിത്. അതിലുൾപ്പെട്ട ചട്ടങ്ങളെ പയ്യന്നൂർപട്ടോല വിശദീകരിക്കുന്നു. ഈ ചട്ടങ്ങൾ നിർമ്മിക്കപ്പെടുന്നത് ഊരാളരിലൂടെയാകാം. പരശ്യരാമകഥ പോലെയുള്ള ആശയങ്ങൾ ഊരാളർ അവർക്ക് അനുകൂലമായ ചട്ടങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുകയും ചെയ്യും. ജ്യോതിഷ - പഞ്ചാംഗ ഗണനകളെക്കുറിച്ചുള്ള അറിവും ചതുപ്പുനിലങ്ങളെ ആവാസവ്യവസ്ഥയാക്കാൻ പോന്ന കൃത്യമായ ആസൂത്രണവും കൂടി ഇതിന്റെ ഭാഗമാണ്. ഓരോ വിഭാഗവും ഇന്നതാണ് ചെയ്യേണ്ടത് എന്ന് നിർണയിച്ച് പയ്യന്നൂർപട്ടോലയിലൂടെ അതിനെ ഉറപ്പിക്കുന്നു. തീർച്ചയായും ബ്രാഹ്മണപക്ഷത്തുനിന്നു രൂപം കൊടുക്കുന്ന ഒരു വിഭവമായി ഇതിനെ രേഖപ്പെടുത്താം. സ്വാഭാവികമായ ഒന്നല്ല ഗ്രാമനിർമ്മിതി, അത് ബ്രാഹ്മണപക്ഷം ഇതരവിഭാഗങ്ങളെ വിഭവാർജ്ജനത്തിന് ക്ഷണിച്ചുകൊണ്ടുള്ള ഒരു നിർമ്മിതിയാണ് എന്ന് പറയാം.

**വ്യവസ്ഥയുടെ രൂപപ്പെടൽ**

"മനഃസ്ഥിതി ഉണ്ടെങ്കിൽപോലും അതിൽ ആളുകൾ അന്തർഭവിക്കുന്ന രീതിയിൽ അത് യാന്ത്രികമല്ല. അത് സൃഷ്ടിക്കപ്പെടുകയും ആർജ്ജിക്കപ്പെടുകയും അത് ഉപഭോഗിക്കപ്പെടുകയും ചെയ്യുന്നുണ്ട്. വ്യവസ്ഥയെ ഉണ്ടാക്കുന്നതിൽ ഒരു മുഖ്യ തത്ത്വം ആയി മനഃസ്ഥിതിയെ മനസ്സിലാക്കേണ്ടതുണ്ട്. സംരംഭം എന്നത് ഈ അർത്ഥത്തിൽ ആപേക്ഷികമായ സ്വാച്ഛന്ദ്യം ഉള്ളതാണ്" (നിസാർ അഹമ്മദ്, 2012: 80). ക്ഷേത്രവുമായി ബന്ധപ്പെട്ട് അനുഷ്ഠിക്കേണ്ട പ്രവൃത്തികൾ ഓരോ വിഭാഗവും തെരഞ്ഞെടുക്കുന്നത് യുക്തിപരം എന്ന് പറയണമെങ്കിൽ അതിൽ ഉൾപ്പെടുന്ന

ഓരോരുത്തരും സ്വതന്ത്രവ്യക്തികൾ ആയിരിക്കണം. എന്നാൽ പാരമ്പര്യചട്ടങ്ങളിൽ പെടുന്നിടത്തോളം ഇത്തരം സ്വതന്ത്ര വ്യക്തികളില്ല. അതുകൊണ്ട് ഈ വിഭാഗങ്ങൾ വിശിഷ്ടാർത്ഥത്തിൽ യുക്തിസഹരല്ല അല്ലെങ്കിൽ ആശ്രിതയുക്തിയാണ് ഉപയോഗിക്കുന്നത് എന്ന് പറയേണ്ടി വരും. പരാശ്രിതയുക്തിയും യുക്തിസഹം തന്നെ. പക്ഷേ പരതന്ത്രേണ യുക്തിപരമാണ്. പൊതുവാൾ, മാരാർ, ആയർ തുടങ്ങിയവർ ക്ഷേത്രവുമായി ബന്ധപ്പെടുന്നത് ഇത്തരത്തിൽ ആശ്രിതയുക്തിപരമാണ്. ബ്രാഹ്മണയുക്തിയാണ് ഇവരെ ഇത്തരത്തിൽ ക്രമീകരിക്കുന്നത്. ഈ തെരഞ്ഞെടുക്കലിന്റെയും മുൻനിലമ സാംസ്കാരികമായി പ്രദാനം ചെയ്യപ്പെട്ടതാണെന്ന്, മനഃസ്ഥിതിപരമായി നൽകപ്പെട്ടതാണെന്ന് വ്യക്തമാണ്. ഇങ്ങനെ വരുമ്പോൾ മനഃസ്ഥിതി എല്ലാതരം തെരഞ്ഞെടുക്കലുകളുടെയും മുൻനിലമയാണ്. തരണനെല്ലൂരിന്റെ തന്ത്രിസ്ഥാനം പോലും മനഃസ്ഥിതിപരമായി നിർണയിക്കപ്പെടുന്നതാണ്. പ്രയോഗത്തിന്റെ സ്ഥാപനത്തിന്റെ മാധ്യമത്തിലൂടെയാണ് താന്ത്രികാവകാശം പോലും കൈവരുന്നത്.

"ഒരു ബന്ധം സാമൂഹികമായിത്തീരാൻ, നിലനിൽക്കുന്നതും അനുസ്യൂതിയുള്ളതുമാവാൻ അത് പുനരുത്പാദിപ്പിച്ചുകൊണ്ടിരിക്കണം. ഇന്നുള്ളത് നാളെയും പിന്നീടും ഉണ്ടെന്നുറപ്പാക്കണം. അതിനാവശ്യം മനഃസ്ഥിതിയാണ്. അതിൽ ചട്ടങ്ങൾ അന്തർഭവിച്ചിട്ടുണ്ട്" (നിസാർ അഹമ്മദ്, 2012 ജൂലായ് 1:80-81). ദൈനംദിനകാര്യങ്ങൾക്ക് ഓരോ വിഭാഗങ്ങളെ ചുമതലപ്പെടുത്തുന്ന പട്ടോല ഈ ധർമ്മമാണ് നിർവഹിക്കുന്നത്. അതുപോലെ നിത്യപൂജ, ചടങ്ങുകൾ ഒക്കെ ഇത് പുനരുത്പാദിപ്പിച്ചുകൊണ്ടിരിക്കും. ക്ഷേത്രവുമായി ബന്ധപ്പെടുന്നതിന്റെ സ്വഭാവം മാരാർ, പൊതുവാൾ, ആയർ, വാണിയർ തുടങ്ങിയ ജാതിവിഭാഗങ്ങൾ പിൻപറ്റുന്നത് മനഃസ്ഥിതിപരമായാണ്. ഇവരുടെ ഈ ഏർപ്പെടൽ യുക്തിപൂർണ്ണമല്ല. ജൈവചോദനാപരമായി നൽകപ്പെട്ടതുമല്ല. ഒരു പ്രധാന മാനകമായി അതിൽ കടന്നുവരുന്നത് ഈ വിഭാഗക്കാരുടെ പ്രതിബദ്ധത അല്ലെങ്കിൽ ഉപാർപ്പണമാണ്. ഇവിടെ ക്ഷേത്രം എന്ന സംരംഭത്തിന്റെ സ്വഭാവം എന്താണെന്നുവെച്ചാൽ അതിനെ സാധ്യമാക്കുന്നത് മനുഷ്യസത്വത്തിന്റെ പ്രതിബദ്ധതയാണ്. ഒരു നിശ്ചിത ജാതിവിഭാഗം ഇന്നതാണെ

ന്ന് അവർ തന്നെ അംഗീകരിക്കുന്നതിനെ, വ്യാഖ്യാനിക്കുന്നതിനെയാണ് തൻമ എന്നു പറയുന്നത്. "ഒരു സംരംഭത്തിൽ പങ്കാളിയാവുന്ന സമയത്ത്, ഒരാൾ മറ്റൊരാളുമായി ചേർന്ന് സംരംഭം ഏകോപിപ്പിക്കുമ്പോൾ അയാളുടെ പ്രതിബദ്ധതയെ നീതീകരിക്കുന്ന ഒരു അർത്ഥം അതിന് നൽകുന്നത്, അതിനെ അയാളുടെ സംരംഭം ആക്കിത്തീർക്കുന്നത് മനഃസ്ഥിതിയോട് അയാൾ തൻമയീഭവിക്കുമ്പോഴാണ്. മനഃസ്ഥിതിയുമായുള്ള തൻമയത്വം സാമൂഹികതയോടുള്ള ആ സത്വത്തിന്റെ ഭവാത്മകമായ അർപ്പണമാണ്. ഒരാൾ ഒരു സാമൂഹികസത്വം ആയി മാറുന്നത് അയാളുടെ ഭവാത്മകം ആയ ഉപാർപ്പണത്തിന്റെ അനന്തരഫലമായാണ്" (നിസാർ അഹമ്മദ്, 2012: 81). ക്ഷേത്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ യുക്തിപൂർവം തെരഞ്ഞെടുക്കുകയല്ല, ഭവാത്മകമായി ആ മനഃസ്ഥിതിയിലേക്ക് അർപ്പിക്കുകയാണ്. അങ്ങനെ ചെയ്യുമ്പോൾ സമൂഹത്തോട് പ്രതിബദ്ധമാവുക മാത്രമല്ല, സമൂഹത്തെ സംസ്ഥാപിക്കുകയും ചെയ്യുന്നു. ഒരു വ്യവസ്ഥയെ സംസ്ഥാപിക്കുന്നതിൽ, ഒരു പ്രയോഗത്തെ സംസ്ഥാപിക്കുന്നതിൽ ആ സത്വം പങ്കാളി ആവുക കൂടിയാണ്. ഊരാളനാണ്, കാരാളനാണ് എന്ന് പറയുന്ന സമയത്ത് അത് ഉണ്ടാക്കുകയാണ്. അതുമായി തൻമയീഭവിക്കുകയാണ്.

**ഉപസംഹാരം**

പയ്യന്നൂർ എന്ന ഗ്രാമസങ്കല്പത്തിൽ വികസിച്ച ആവാസ വ്യവസ്ഥയുടെയും സമൂഹ രൂപീകരണത്തിന്റെയും അടിത്തറ ഗ്രാമക്ഷേത്രം എന്ന വിഭവമാണ്. ക്ഷേത്രകേന്ദ്രിത സമ്പദ് വ്യവസ്ഥ ആദ്യകാല പയ്യന്നൂരിനെ മുന്നോട്ട് നയിച്ചു. ജാതിമത പാരമ്പര്യത്തിന്റെ വികാസത്തിലും ആധുനികീകരണത്തിലുമെല്ലാം പെരുമാൾ ക്ഷേത്രത്തിന്റെ ദൃശ്യത പല കാലങ്ങളിലും വ്യക്തമായിരുന്നു. സമകാലിക പയ്യന്നൂർ ചരിത്രത്തെ സ്വാംശീകരിച്ചതിന്റെ വഴികളിൽ ഗ്രാമസങ്കല്പത്തിന്റെ സ്വാധീനമുണ്ട്. ബ്രാഹ്മണപക്ഷം ഇതരവിഭാഗങ്ങളെ വിഭവാർജ്ജനത്തിന് ക്ഷണിച്ചുകൊണ്ടും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുമുള്ള ഒരു സമൂഹ നിർമ്മിതിയാണ് ഗ്രാമസങ്കല്പത്തിന്റെ വിപുലമായ കണ്ണിയിൽ പയ്യന്നൂരിലും നടന്നത്.

## ഗ്രന്ഥസൂചി

ദിനേശൻ വടക്കിനിയിൽ, 2003 "ചതുപ്പുനിലങ്ങളിലെ ആവാസ രൂപീകരണം ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ഇടപെടലുകൾ", പയ്യന്നൂർ അംശം ദേശം, കൾച്ചറൽ മൂവ്മെന്റ്, പയ്യന്നൂർ,.

---, 2021 *ആരുടെ കേരളം*, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്.

നാരായണൻ, എം ജി എസ്, 2012 "നമ്പൂതിരിമാർ ചരിത്രവും രാഷ്ട്രീയവും", (അഭിമുഖം ഉണ്ണി ഇ ആർ), *പ്രണവം*, യോഗക്ഷേമസഭ, കണ്ണൂർ.

നിസാർ അഹമ്മദ്, 2012 'സംരംഭത്തിലെ സാമൂഹികത', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* കോഴിക്കോട്, 2012 ജൂലായ് 8.

പവിത്രൻ, ടി., ജി.ഡി. നായർ (എഡി.), 2007 *പയ്യന്നൂർ ചരിത്രവും സമൂഹവും,* ഇ എം എസ് പഠനകേന്ദ്രം, പയ്യന്നൂർ.

പണിക്കർ, കെ. എൻ., 2007 'പ്രദേശം രാഷ്ട്രം ലോകം പ്രാദേശികചരിത്ര രചനയ്ക്കൊരാമുഖം', *കടത്തനാടിന്റെ സാഹിത്യപാരമ്പര്യം,* കടത്തനാട് ജനസംസ്കാരപഠനകേന്ദ്രം, വടകര.

Veluthatt, Kesavan, 1979 *Brahmin Settlements in Kerala*, Sandhya Publications, Calicut University.

vasukorom@gmail.com